**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4846** **02-07-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ 2023-2024 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | 2023-2024 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി കാട്ടാക്കട മണ്ഡലത്തിലെ 3 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. എന്നാൽ എസ് . ഒ . ആർ (Schedule of Rates) - ൽ മാറ്റം വന്നതിനാൽ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്ത് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . റിവൈസ്ഡ് എസ്റ്റിമേറ്റുകൾ ലഭ്യമായാലുടൻ തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പള്ളിച്ചൽ പഞ്ചായത്തിലെ മണ്ണാറ മുട്ടം, തേരിക്കാവിള നഗറുകളെ ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കുന്നത് - 25 ലക്ഷം<br><br>2. വിളവൂർക്കൽ പഞ്ചായത്തിലെ തെങ്ങതംകോട് നഗറിന്റെ സമഗ്ര വികസനത്തിന് - 25 ലക്ഷം<br><br>3. കുരുവിൻമുകൾ പറയാട്ടുകോണം നഗർ റോഡ് നവീകരിക്കുന്നതിന് - 9 ലക്ഷം<br><br>കാട്ടാക്കട മണ്ഡലത്തിൽ 2023-2024 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി പദ്ധതി ശിപാർശകളൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ